# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **8068** **17.07.2014**-ൽ മറുപടിക്ക്

## 'എല്ലാ ബ്ലോക്ക് പഞ്ചായത്തിലും സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഒരു ആശുപത്രിയിൽ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;<br>(ബി) പദ്ധതിയനുസരിച്ച് എന്തെല്ലാം സ്പെഷ്യാലിറ്റി വിഭാഗങ്ങളാണ് ആശുപത്രികളിൽ ലഭ്യമാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒരു ആശുപത്രിയിലെങ്കിലും ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളോടുകൂടിയ ചികിത്സാ സംവിധാനം ലഭ്യമാക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ സ.ഉ. (സാ.ധാ.) നം. 1669/2014/ആ.കു.വ തീയതി 26.05.2014 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 154 ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനം ലഭ്യമാക്കാൻ പദ്ധതി എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒരു ആശുപത്രിയിലെങ്കിലും ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, |

പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളോടുകൂടിയ ചികിത്സാ സംവിധാനം ലഭ്യമാക്കുന്നതിനായി എല്ലാ ജില്ലകളിലുമായി 154 ആശുപത്രികളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുള്ളത്.

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി സ.ഉ. (സാ.ധാ.) നം. 1669/2014/ആ.ക.വ തീയതി 26.05.2014 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ